(സി) ബോർഡിന്റെ അധികാര പരിധിയിൽ കൊണ്ടുവന്നിട്ടുള്ള മിക്കവാറും വ്യവസായശാലകൾ ബോർഡിന്റെ നിർദ്ദേശങ്ങൾ പാലിച്ചാണ് പ്രവർത്തിക്കുന്നത്. ബോർഡിന്റെ നിർദ്ദേശം തീരെ പാലിക്കാത്ത ഏക വൻകിട വ്യവസായ സ്ഥാപനം തിരുവനന്തപുരത്തെ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സാണ്. ഇവിടെ വായു മലിനീകരണ നിയന്ത്രണത്തിനുള്ള മതിയായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ജല മലിനീകരണ നിയന്ത്രണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ ബോർഡ് കമ്പനിയുടെ മേൽ സമ്മർദ്ദം ചെലുത്തി വരുന്നു. അപകടകാരികളായ പാഴ്വസ്തുക്കൾ കൈകാര്യം ചെയ്യാൻ മതിയായ സംവിധാനങ്ങൾ ഏർപ്പെടുത്താത്ത 198 വ്യവസായ ശാലകൾക്ക് ബോർഡിൽ നിന്നും സുപ്രീംകോടതിയുടെ നിർദ്ദേശാനുസരണം അടച്ചുപൂട്ടൽ ഉത്തരവ് നൽകിയിരുന്നു. തുടർന്നു വന്ന ഹൈക്കോടതി ഉത്തരവ് സുപ്രീംകോടതി ഏർപ്പെടുത്തിയ മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശയും കണക്കിലെടുത്തു അവയ്ക്ക് 2005 മാർച്ച് 15 വരെ സാവകാശം നൽകി സമയം അനുവദിച്ചിട്ടുണ്ട്. അതിനുശേഷം പരിശോധിച്ച് വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്.

(ഡി) മലിനീകരണം തടയുന്നതിന് ജലനിയമ പ്രകാരവും വായു നിയമ പ്രകാരവും ഉള്ള നിയന്ത്രണ സംവിധാനങ്ങൾ ബോർഡ് വ്യവസായ ശാലകളിൽ ഏർപ്പെടുത്തിവരുന്നു. ബോർഡിന്റെ നിർദ്ദേശം തീരെ പാലിക്കാത്ത വ്യവസായ ശാലകൾക്ക് അടച്ചുപൂട്ടൽ ഉത്തരവ് നൽകുന്നു പിന്നീട് ബോർഡിന്റെ നിർദ്ദേശങ്ങൾ പാലിച്ചതിനുശേഷമേ അവ തുറന്നു പ്രവർത്തിക്കാൻ അനുവദിക്കാറുള്ളൂ. അടച്ചുപൂട്ടൽ ഉത്തരവ് നൽകിയ 198 വ്യവസായശാലകളിൽ വ്യവസായങ്ങൾ അടച്ചുപൂട്ടേണ്ട സാഹചര്യം ഒഴിവാക്കാനായി വ്യവസായശാലകളുടെ പങ്കാളിത്തത്തോടെ ഒരു കോമൺ ടി.എസ്.ഡി.എഫ്. കൊച്ചിയിൽ സ്ഥാപിക്കുന്നതിനായി വ്യവസായ വകുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിലേക്കായി കെ.എസ്.ഐ.ഡി.സി.-യെ നോഡൽ ഏജൻസിയായി നിയമിച്ചു. മലിനീകരണ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തുന്നതിനായി കേരള എൻപിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് എന്ന പേരിൽ ഒരു പബ്ലിക് ലിമിറ്റഡ് കമ്പനി രജിസ്റ്റർ ചെയ്തു പ്രവർത്തനം തുടങ്ങിവരുന്നു. പദ്ധതിക്കായി എഫ്.എ.സി.റ്റി.-യിൽ നിന്നും 50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകൾ

9 [2781] ശ്രീ. കെ. പി. മോഹനൻ :
,, എ. സി. ഷൺമുഖദാസ് :
,, സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിലെല്ലാം കൂടി എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്;

(സി) ചെറുകിട വ്യവസായ മേഖലയ്ക്ക് പ്രത്യേകമായി ഏതെല്ലാം ഉല്പന്നങ്ങളാണ് സംവരണം ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; അവയുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(ഡി) ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് പ്രത്യേകമായി ഈ സർക്കാർ ഏതെല്ലാം തലത്തിലുള്ള സഹായങ്ങളാണ് നൽകുന്നത്;

(ഇ) ചെറുകിട വ്യവസായ യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ആഭ്യന്തര വിപണിയിലും വിദേശ വിപണിയിലും വില്പന നടത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 279552 ചെറുകിട വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഏകദേശം 1255000 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്.

(സി) ലിസ്റ്റ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.†

(ഡി) അനുബന്ധം I എ ആയി ചേർത്തിട്ടുണ്ട്.†

(ഇ) വിപണന പദ്ധതി, വിപണന പ്രോത്സാഹന പദ്ധതി ഇവ ഇതിനുവേണ്ടി രൂപകൽപ്പന ചെയ്തതാണ്. ചെറുകിട വ്യവസായ ഉൽപ്പന്നങ്ങൾ സർക്കാർ, സർക്കാർ നിയന്ത്രണ ഏജൻസികൾ വാങ്ങുമ്പോൾ 15% പ്രൈസ്പ്രിഫറൻസ് നൽകാറുണ്ട്. കൂടാതെ സർക്കാർ, സർക്കാർ നിയന്ത്രണ സ്ഥാപനങ്ങൾ ടെൻഡർ ക്ഷണിക്കുമ്പോൾ നിരതദ്രവ്യം, സെക്യൂരിറ്റി ഡിപ്പോസിറ്റ് എന്നിവ നൽകുന്നതിൽ നിന്നും ഇത്തരം യൂണിറ്റുകളെ ഒഴിവാക്കിയിട്ടുണ്ട്. ഇതുകൂടാതെ എല്ലാ ജില്ലകളിലും പ്രദർശന വിപണന മേളകൾ നടത്തുന്നുണ്ട്. മാത്രമല്ല ആഭ്യന്തര വിപണിയും വിദേശ വിപണിയും ലക്ഷ്യമാക്കി ബിസിനസ്-ടു-ബിസിനസ് മീറ്റ് വ്യവസായ വകുപ്പ് മുൻകൈയെടുത്തു നടത്തിവരുന്നു.

സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കമ്പനികൾ

10 [2782] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര കമ്പനികൾ രജിസ്റ്റർ ചെയ്തു;

(ബി) ഇതിൽ പൊതു മേഖലയിലും സഹകാരി മേഖലയിലും എത്ര വീതമെന്ന് പേരുവിവരം സഹിതം വെളിപ്പെടുത്തുമോ?

†അനുബന്ധം I & I എ.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[16-3-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 9(2781) സദയം കാണുക]

List of Items Reserved for Exclusive Manufacture in Small Scale Sector (As on 20th October, 2004)

[Read: Industries (Development) and Regulation Act, 1951]

1. Food and Allied Industries (9)
2. Textile Products including Hosiery (21)
3. Wood and Wood Products (9)
4. Paper Products (19)
5. Rubber Products (20)
6. Plastic Products (13)
7. Injection Moulding Thermo Plastic Products (46)
8. Chemicals and Chemical Products (7)
9. Natural Essential Oils (2)
10. Organic Chemicals, Drugs and Drug Intermediates (33)
11. Other Chemicals and Chemical Products (67)
12. Glass and Ceramics (27)
13. Mechanical Engineering Excluding Transport Equipments (150)
14. Electrical Machines, Appliances & Apparatus (44)
15. Electronic Equipments and Components (6)
16. Transport Equipment Boats and Truckbody Building (3)
17. Auto Parts Components and Ancillaries and Garage Eqpt. (40)
18. Bicycle Parts, Tricycles and Perambulators (42)
19. Miscellaneous Transport Equipment (4)
20. Sports Goods (7)
21. Stationery Items (13)
22. Others (21)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I A

1. സാങ്കേതിക വിദ്യാ വികസന നിധി : കേന്ദ്ര സാങ്കേതിക വിദ്യാ വികസന നിധി പദ്ധതിയിൻ കീഴിൽ വരാത്ത ഉപമേഖലകളിൽ സാങ്കേതിക വിദ്യാ വികസനത്തിനുള്ള ചെലവ് സംസ്ഥാന സർക്കാർ സ്ഥാപിച്ചിട്ടുള്ള ബോർഡ് അംഗീകരിക്കുന്ന തുകയുടെ 12% നിരക്കിൽ മൂലധന സബ്സിഡി നൽകുന്നു.

2. വ്യവസായ സമൂഹ വികസന പരിപാടി : പൊതു വ്യവസായ സ്ഥാപന സൗകര്യങ്ങൾ സൃഷ്ടിച്ച് വ്യവസായ യൂണിറ്റുകളുടെ പ്രത്യേക സമൂഹം ഉണ്ടാക്കുന്നു. ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ദീർഘകാല വായ്പയും പ്രവർത്തന മൂലധന വായ്പയും സ്വീകരിക്കുന്നതിന് ഓരോ സമൂഹത്തിനും പദ്ധതി ചെലവിന്റെ ഇരുപത് ശതമാനം നിരക്കിൽ പരമാവധി 5 ലക്ഷം രൂപ വരെ കരുതൽ ധനവായ്പ നൽകുന്നു. പൊതു ചെലവുകൾ വഹിക്കുന്നതിനായി ഓരോ ക്ളസ്റ്ററിനും പരമാവധി 50,000 രൂപ വരെ ഗ്രാന്റ് നൽകുന്നു.

3. വിപണന പദ്ധതി/വിപണന പ്രോത്സാഹനം : ഇത് പ്രകാരം ചെറുകിട വ്യവസായങ്ങൾക്ക് പ്രവർത്തന മൂലധനത്തിന്റെ 15% തുക കരുതൽ വായ്പയായി പരമാവധി 5 ലക്ഷം രൂപ നൽകുന്നു. സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% നിക്ഷേപ സബ്സിഡിയായി പരമാവധി 10 ലക്ഷം രൂപ നൽകുന്നു. സർക്കാർ ഇതര സ്ഥാപനങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ, വ്യക്തികൾ എന്നിവരെ ഇതിലൂടെ സഹായിക്കുന്നു.

4. കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ : ഇത് വഴി തനത് ഭക്ഷ്യാധിഷ്ഠിത വ്യവസായങ്ങൾ സ്ഥാപിക്കുന്നു, പുതിയ ഉൽപന്നങ്ങൾ വികസിപ്പിച്ചെടുക്കാൻ സഹായിക്കുന്നു, പുതിയ പാക്കേജിംഗ് വിദ്യകളിൽ അവബോധം ഉണ്ടാക്കുന്നു, ഫുഡ് പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നു, അവിടെ പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നു.

5. പ്രൊഫിഷ്യൻസി ഇന്റർഫേസ് സെൽ : ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് പുത്തൻ സാങ്കേതികത്വങ്ങൾ നടപ്പിലാക്കാനും, പുതിയ പ്രോജക്ടുകൾക്ക് പ്രോത്സാഹനം നൽകാനുമായി വ്യവസായ വകുപ്പിൽ എന്റർപ്രണേഴ്സ് ഗൈഡൻസ് സെൽ പ്രവർത്തനം ആരംഭിച്ചു.

കൂടാതെ ചെറുകിട വ്യവസായ മേഖലയിൽ വർഷങ്ങളായി നടപ്പിലാക്കുന്ന മാർജിൻ മണി വായ്പ, സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് സബ്സിഡി, സിക്ക് യൂണിറ്റുകളുടെ പുനരുദ്ധാരണ പദ്ധതി തുടങ്ങിയ പദ്ധതികളും തുടർന്നുപോരുന്നു.

LIBRARY ARCHIVES Kerala Legislative Assembly